ഉത്തരം

(എ) യൂണിവേഴ്സിറ്റികളുടേയും അഖിലേന്ത്യാ കൗൺസിലുകളുടേയും ഇൻസ്പെക്ഷൻ കമ്മീഷനുകൾ കോളേജുകളിൽ പരിശോധന നടത്തുമ്പോൾ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെയാണോ നിയമിച്ചിട്ടുള്ളതെന്ന് പരിശോധിക്കാറുണ്ട്. അദ്ധ്യാപകർ നിശ്ചിത യോഗ്യത ഉള്ളവരാണെങ്കിൽ മാത്രമേ കോളേജുകൾ തുടർന്നു നടത്താൻ അനുവദിക്കുകയുള്ളൂ.

(ബി) സ്വാശ്രയ ബി. എഡ്. കോളേജുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും അദ്ധ്യാപകരുടെ ഏറ്റവും ചുരുങ്ങിയ വേതനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്വാശ്രയ ആർട്സ് ആന്റ് സയൻസ്, ബി. എഡ്. കോളേജുകളിലെ അദ്ധ്യാപകരുടെ പ്രായപരിധി സംബന്ധിച്ച് സർക്കാർ പ്രത്യേക തീരുമാനമെടുത്തിട്ടില്ല. സ്വാശ്രയ ബി. എഡ്. കോളേജിലെ പ്രിൻസിപ്പാളിന്റെ പരമാവധി പ്രായപരിധി 62 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രത്യേക നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ സീനിയോറിറ്റിയിൽ അപാകത

124 [3650] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററിയിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ടി വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റിൽ അപാകതയുള്ളതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരം നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരിൽ നിന്നും (എച്ച്. എസ്. എ./ യു. പി. എസ്. എ./ എൽ. പി. എസ്. എ.) അപേക്ഷകൾ ക്ഷണിച്ചാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിലേക്ക് പി. എസ്. സി. ശുപാർശ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലാണ് സീനിയോറിറ്റി കണക്കാക്കുന്നത്. ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമനം ലഭിച്ച അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പൊതുവായി സംസ്ഥാനാടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

(ബി) & (സി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംസ്ഥാനാടിസ്ഥാനത്തിലായതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly